ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12-02-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. 2026-27 കേന്ദ്രബജറ്റിന്മേലുള്ള ചർച്ച രാജ്യസഭയിൽ ഇന്ന് പുനരാരംഭിക്കും. വിവിധ വിഷയങ്ങളിൻമേലുള്ള പ്രതിപക്ഷ ബഹളത്തിൽ ലോക്സഭാ നടപടികൾ തടസപ്പെട്ടു.

**The discussion on the Union Budget 2026-27 will resume in the Rajya Sabha today. The Lok Sabha proceedings were disrupted due to opposition uproar on various issues.**

2. ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും.

**Prime Minister Narendra Modi will unveil the name of the building complex Seva Teerth tomorrow in New Delhi.**

3. അയൽ രാജ്യങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്യുന്ന നിലയിലേക്ക് ഇന്ത്യയുടെ വൈദ്യുതി ഉല്പാദനം ഉയർന്നതായി കേന്ദ്രസഹമന്ത്രി ശ്രീപദ് യെശ്ശോ നായിക്.

**Union Minister of State for Power Shripad Yesso Naik said that India's electricity generation has increased to the point of supplying electricity to neighbouring countries.**

4. ഇന്ത്യ - യു എസ് വ്യാപാര കരാർ ഇന്ത്യയിലെ കയറ്റുമതി മേഖലയ്ക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുമെന്നും എസ് ബി ഐ റിപ്പോർട്ട്.

**India-US trade agreement will benefit India's export sector to a large extent, says SBI report.**

5. ശബരിമല സ്വർണഅപഹരണക്കേസിൽ ഇന്ന് സന്നിധാനത്ത് പ്രത്യേക അന്വേഷകസംഘം വീണ്ടും പരിശോധന നടത്തും.

**The Special Investigation Team will conduct another inspection at Sannidhanam today in the Sabarimala gold theft case.**

6. പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ ഒമാന് 226 റൺ വിജയലക്ഷ്യം.

**Srilanka sets a target of 226 runs against Oman in the Men's Twenty20 Cricket World Cup.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PARLIAMENT**

2026-27 കേന്ദ്രബജറ്റിന്മേലുള്ള ചർച്ച രാജ്യസഭയിൽ ഇന്ന് പുനരാരംഭിക്കും. ബജറ്റിനെക്കുറിച്ചുള്ള പൊതുചർച്ചയ്ക്ക് ധനമന്ത്രി നിർമ്മല സീതാരാമൻ മറുപടി നൽകും. അതേസമയം, ലോക്സഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധത്തിൽ നടപടികൾ തടസപ്പെട്ടു. സഭ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം ബഹളം തുടങ്ങിയതോടെ 12 മണി വരെ നിർത്തിവച്ച ശേഷമാണ് നടപടികൾ പുനരാരംഭിച്ചത്. രാജ്യസഭയിലും നടപടി പുരോഗമിക്കുകയാണ്. ജനുവരി 28 ന് ആരംഭിച്ച ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം നാളെ അവസാനിക്കും. മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയാണ് രണ്ടാം ഘട്ടം.

&&&&&&&&&&&&&&&&&

**<u>RS – LOP</u>**

ഒഡീഷയിലെ അംഗൻവാടിയിൽ ഉണ്ടായ ജാതി വിവേചന വിഷയത്തിൽ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ ആശങ്ക പ്രകടിപ്പിച്ചു. രാജ്യത്ത് പുരോഗതിയും പരിഷ്കരണവും ഉണ്ടെന്ന് അവകാശപ്പെടുമ്പോഴും ഇത്തരം സംഭവങ്ങൾ നിരന്തരമായ സാമൂഹിക വിവേചനത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം രാജ്യസഭയിൽ ശൂന്യവേളയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&

**<u>HEADLINE-3</u>**

**<u>LS – POWER</u>**

***<u>വൈദ്യുതി കമ്മിയുള്ള രാജ്യത്തിൽ നിന്ന് വൈദ്യുതി മിച്ച രാജ്യമായി ഇന്ത്യ മാറിയെന്ന് വൈദ്യുതി സഹമന്ത്രി ശ്രീപദ് യെസ്സോ നായിക് . ലോക്സഭയിൽ ചോദ്യോത്തര വേളയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2014 മുതൽ വൈദ്യുതി മേഖലയിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇന്ത്യ അയൽ രാജ്യങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സാമ്പത്തിക അച്ചടക്കത്തിലൂടെ വൈദ്യുതി വിതരണ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വൈദ്യുതി ഭേദഗതി ബിൽ ഉടൻ അവതരിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.</u>***

_(വോയിസ്)_

&&&&&&&&&&&&&&&&&

## HEADLINE-2

## PM SEVATHEERTH

ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിൻറെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും. തുടർന്ന് പ്രധാനമന്ത്രി കർതവ്യ ഭവൻ ഒന്നും രണ്ടും ഔപചാരികമായി ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 6 മണിക്ക് സേവാ തീർത്ഥത്തിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യും. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥത്തിൽ പ്രവർത്തിക്കുന്നത്.

&&&&&&&&&&&&&&&&&

## PREZ VP PM DAYANAND SARASWATI

സ്വാമി ദയാനന്ദ സരസ്വതിയുടെ ജന്മവാർഷിക ദിനമായ ഇന്ന് രാഷ്ട്രപതി ,ഉപരാഷ്ട്രപതി പ്രധാനമന്ത്രി ഉൾപ്പടെ ഉള്ള പ്രമുഖർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ ആളാണ് അദ്ദേഹം എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹ മാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&

## HEADLINE-4

## SBI REPORT – INDIA – US DEAL

ഇന്ത്യ - യു എസ് വ്യാപാര കരാറിനെ തുടർന്ന് യു എസുമായുള്ള ഇന്ത്യയുടെ വ്യാപാര മിച്ചം പ്രതിവർഷം 95 ബില്യൺ ഡോളർ കവിയുമെന്ന് എസ് ബി ഐ റിപ്പോർട്ട്. ഇന്ത്യ - യു എസ് വ്യാപാര കരാർ ഇന്ത്യയിലെ കയറ്റുമതി മേഖലയ്ക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുമെന്നും ഫോറെക്സ്

റിസർവിൽ മൂന്ന് ബില്യൺ ഡോളറിൻറെ ലാഭം ഉണ്ടാകുമെന്നും റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&

## ELECTION COMMISSIONER (INTRO)

*സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ സന്ദർശനം നടത്തി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. വോട്ടർപട്ടിക പുതുക്കൽ നടപടികൾ വിലയിരുത്തുന്നതിനായി എത്തിയ അദ്ദേഹം, നിശ്ചയിച്ചതിനേക്കാൾ രണ്ട് ദിവസം മുൻപേ നടപടികൾ പൂർത്തിയാക്കുമെന്ന് അറിയിച്ചു.*

*വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......*

*(വോയിസ്)*

&&&&&&&&&&&&&&&&&

## VANDE MATARAM

രാജ്യത്തിന്റെ ദേശീയ ഗീതമായ 'വന്ദേമാതരം' ആലപിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ. ദേശീയ ഗീതവും ദേശീയ ഗാനവും ഒന്നിച്ച് അവതരിപ്പിക്കുമ്പോൾ, വന്ദേമാതരം ആദ്യം ആലപിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു.

രാഷ്ട്രപതിയുടെ ആഗമനം, ദേശീയ പതാക ഉയർത്തൽ, ഗവർണർമാരുടെ പ്രസംഗം തുടങ്ങിയ പ്രധാന ഔദ്യോഗിക ചടങ്ങുകളിൽ വന്ദേമാതരത്തിൻറെ ആറ് ചരണങ്ങളുള്ള പൂർണ്ണരൂപം ആലപിക്കുകയോ പ്ലേ ചെയ്യുകയോ വേണമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&

## PM-SUBHASHITHAM

വേദത്തെ കുറിച്ചുള്ള ജ്ഞാനം മനസ്സിൻറെ അജ്ഞതയെ അകറ്റുമെന്ന് സംസ്കൃത സുഭാഷിതം പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. വേദങ്ങൾ

കാലാതീതമായ വിജ്ഞാന ശാഖയാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**JHARKHAND- LATEHAR NAXAL**

ജാർഖണ്ഡിലെ ലതേഹർ ജില്ലയിൽ, നക്സൽ വിരുദ്ധ പോരാട്ടത്തിൽ പക്രുവ വനമേഖലയിൽ നിന്ന് T SPC ബന്ധമുള്ള മൂന്ന് മാവോയിസ്റ്റുകളെ പോലീസ് അറസ്റ്റ് ചെയ്തു. രണ്ട് പിസ്റ്റളുകൾ, 35 റൗണ്ട് വെടിയുണ്ടകൾ, തീവ്രവാദ ലഘുലേഖകൾ എന്നിവ പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**SABARIMALA SIT**

ശബരിമല സ്വർണഅപഹരണക്കേസിൽ ഇന്ന് സന്നിധാനത്ത് പ്രത്യേക അന്വേഷകസംഘം വീണ്ടും പരിശോധന നടത്തും. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിർദേശപ്രകാരമാണ് പരിശോധന . ശ്രീകോവിലിൻറെ എല്ലാ ഭാഗത്തുമുള്ള സ്വർണം വിശദമായി പരിശോധിച്ചശേഷം സാമ്പിൾ ശേഖരിക്കും. ശാസ്ത്രീയ തെളിവുകൾക്കായി സാമ്പിളുകൾ മുംബൈയിലെ ഭാബ ആറ്റോമിക് റിസർച്ച് സെൻററിലേക്ക് അയക്കും.

&&&&&&&&&&&&&&&&&&

**SABARIMALA**

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് തുറക്കും. വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിയിക്കും. കുംഭമൊന്നായ

13ന് രാവിലെ അഞ്ചിനു നട തുറന്നു പൂജകൾ ആരംഭിക്കും. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&

**CBSE-OSM (INTRO- VO)**

***12-ാം ക്ലാസ് മൂല്യനിർണയത്തിനായി ഈവർഷം മുതൽ സിബിഎസ്ഇ ഓൺ-സ്ക്രീൻ മാർക്കിങ് സംവിധാനം നടപ്പിലാക്കുമെന്ന് പരീക്ഷാ കൺട്രോളർ സന്യാം ഭരദ്വാജ്. ഒരു റിപ്പോർട്ട്...***

***(വോയിസ്)***

***കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിൻറെ ഭാഗമായാണ് OSM സംവിധാനം അവതരിപ്പിക്കാൻ ബോർഡ് തീരുമാനിച്ചത് .അതേസമയം, സിബിഎസ്ഇ പത്താം ക്ലാസ് മൂല്യനിർണ്ണയം പരമ്പരാഗത രീതിയിൽ തുടരും. ഈ വർഷം മുതൽ പത്താം ക്ലാസ്സിൽ രണ്ട് ബോർഡ് പരീക്ഷകൾ ഉണ്ടാകും. പരീക്ഷയിലെ പ്രകടനം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർന്നുള്ള പരീക്ഷ ഓപ്ഷണലായിരിക്കും. പരീക്ഷാ നടത്തിപ്പിനും ഓൺ-സ്ക്രീൻ മാർക്കിംഗിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിക്കുന്നതിനായി നാളെ രാവിലെ 11 മണിക്ക് തത്സമയ വെബ്കാസ്റ്റ് സംഘടിപ്പിക്കുമെന്നും ബോർഡ് അറിയിച്ചു.***

***ന്യൂസ് ഡെസ്ക് ആകാശവാണി.***

&&&&&&&&&&&&&&&&&

**RAHUL MANKUTTATHIL**

പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിന് മുൻകൂർ ജാമ്യം. രാഹുൽ പ്രതിയായ ആദ്യ ലൈംഗിക പീഡന കേസിൽ ആണ് ജാമ്യം. നേമം പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ തിരുവനന്തപുരം സെഷൻസ് കോടതി നേരത്തെ ജാമ്യാപേക്ഷ തള്ളിയിരുന്നു. ഇതിനെതിരെ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതിയുടെ ഉത്തരവ്.

&&&&&&&&&&&&&&&&&

## HEADLINE-6

### CRICKET

പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്കയ്ക്കെതിരെ ഒമാന് 226 റൺ വിജയലക്ഷ്യം. രണ്ടാം മത്സരത്തിൽ നേപ്പാൾ ഇറ്റലിയെയും മൂന്നാം മത്സരത്തിൽ ഇന്ത്യ നമീബിയയെയും നേരിടും. രാത്രി 7 ന് ഡൽഹിയിലാണ് ഇന്ത്യ-നമീബിയ പോരാട്ടം.

&&&&&&&&&&&&&&&&&

### NATIONAL STRIKE

സംയുക്ത ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു. അവശ്യ സർവീസുകളെ പണിമുടക്കിൽനിന്ന് ഒഴിവാക്കി. സ്വകാര്യ വാഹനങ്ങൾ ഓടുന്നുണ്ട്. പിഎസ്‌സി ഇന്ന് നടത്താനിരുന്ന പരീക്ഷകൾ ഈ മാസം 21 ലേക്ക് മാറ്റി. കേരള, എംജി, കലിക്കറ്റ് സർവകലാശാലകളും ഇന്ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റി. സംസ്ഥാന സർക്കാർ ഡയസ്നോൺ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നലെ അർധരാത്രി ആരംഭിച്ച പണിമുടക്ക് ഇന്ന് അർധരാത്രിവരെ നീളും.

&&&&&&&&&&&&&&&&&

### SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 399 പോയിന്റ് നഷ്ടത്തിൽ 83 ആയിരത്തി 803 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 111 പോയിന്റ് നഷ്ടത്തിൽ 25 ആയിരത്തി 842 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. പവന് 880 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 16 ആയിരത്തി160 രൂപയും ഗ്രാമിന് 14 ആയിരത്തി 520 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&